# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം- ആ.വ.ഡ- ജീവനക്കാര്യം- ശ്രീമതി.അർച്ചന.ജി.എൻ, നേഴ്സിംഗ് ട്യൂട്ടർ. ഗവ:നേഴ്സിംഗ് സ്കൂൾ, കാസർഗോഡ്- സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം- O.A നം.1366/20 നമ്പരായുള്ള കേസിന്മേൽ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരത്തിന്റെ 18/09/2020-ലെ ഉത്തരവ്.

## ഉത്തരവ് നം.ഇ.ഇ2-70318/2020/ആ.വ.ഡ, തിയതി-12/10/2020.

കാസർഗോഡ് ഗവ:നേഴ്സിംഗ് സ്കൂളിൽ നേഴ്സിംഗ് സ്കൂളില് നേഴ്സിംഗ് ട്യൂട്ടറായ ശ്രീമതി.അർച്ചന.ജി.എൻ, തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ O.A നം.1366/20 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത O.A -യിന്മേലുള്ള വിധിന്യായപ്രകാരം ശ്രീമതി.അർച്ചന.ജി.എൻ, സമർപ്പിച്ചിട്ടുള്ള അനുബന്ധം 8 പരിഗണിച്ച് ഉചിതമായ ഉത്തരവ് ഒരു മാസത്തിനകം പുറപ്പെടുവിക്കുവാൻ നിർദ്ദേശം നൽകുകയുണ്ടായി. ആയതിൻപ്രകാരം ടിയാളുടെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ അനുകമ്പാപൂർവ്വമായ സാഹചര്യം കണക്കിലെടുത്ത് പരിഗണിച്ചുകൊണ്ട് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തില് ഗവ: സ്കൂൾ ഓഫ് നേഴ്സിംഗ്, കാസർഗോഡ് ജില്ലയിലെ നേഴ്സിംഗ് ട്യൂട്ടറായ ശ്രീമതി.അർച്ചന.ജി.എൻ-ന് നിലവിൽ ഒഴിവുള്ള ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്റർ SC/ST തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാളെ വിടുതൽ ചെയ്യുന്ന തിയതിയും ജോലിയിൽ പ്രവേശിച്ച തിയതിയും ഈ ഓഫീസിൽ യഥാസമയം അറിയിക്കേണ്ടതാണ്. സ്ഥാപനമേധാവി ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടികൾക്കായി ഉപയോഗിക്കേണ്ടതാണ്.

ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A നം.1366/20, തിയതി-18/09/2020 പ്രകാരമുള്ള ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-
ഡോ.സരിത.ആർ.എൽ,
ആരോഗ്യവകുപ്പ് ഡയറക്ടർ.

സ്വീകർത്താവ്

ശ്രീമതി.അർച്ചന.ജി എൻ(നേഴ്സിംഗ് ട്യൂട്ടർ )
ഗവ: നേഴ്സിംഗ് സ്കൂള്, കാസർഗോഡ്,

പകർപ്പ്-

1. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), കാസർഗോഡ്.
2. A.G, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ, ഗവ: നേഴ്സിംഗ് സ്കൂൾ, കാസർഗോഡ്/ ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്റർ SC/ST തിരുവനന്തപുരം.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

സി.ആർ.എസ്/12/10/2020/കെ.ജി.